"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ഈരാറ്റുപേട്ട നഗരസഭയിലെ എൽ.ഡി. ക്ലർക്ക്/ബിൽ കളക്ടർ കുമാരി അനിറ്റ് സിറിയക്-ന് പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.740/2025/LSGD തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:-

1. നഗരകാര്യ ഡയറക്ടറുടെ 08.03.2019തിയതിയിലെ ഇ7-4079/19 നമ്പർ കത്ത്
2. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 17.12.2024 തീയതിയിലെ LSGD/PD/8077/2023-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

ഈരാറ്റുപേട്ട നഗരസഭയിൽ എൽ.ഡി. ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ 20.02.2019ൽ സേവനത്തിൽ പ്രവേശിച്ച കുമാരി അനിറ്റ് സിറിയക് ബി-ടെക് കോഴ്സ് പൂർത്തിയാക്കുന്നതിന് 22.02.2019 മുതൽ 31.05.2020വരെ(465 ദിവസം) കെ എസ് ആർ പാർട്ട് 1,അപ്പെൻഡിക്സ് 12ബി പ്രകാരം ശൂന്യവേതനാവധിക്കായി അപേക്ഷിച്ചതനുസരിച്ച് പ്രസ്തുത ശൂന്യവേതനാവധി അനുവദിക്കുന്നതിന് ടിയാളുടെ അപേക്ഷയും അനുബന്ധരേഖകളും പരാമർശം 1 പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു. കൂടാതെ അവധിക്ക് ശേഷം 14.10.2020 തീയതിയിൽ ടിയാൾ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചിട്ടുള്ളതായി പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈരാറ്റുപേട്ട നഗരസഭയിലെ എൽ.ഡി. ക്ലർക്ക്/ബിൽ കളക്ടർ കുമാരി അനിറ്റ് സിറിയക്-ന് 22/02/2019 മുതൽ 30/09/2020 വരെ കെ.എസ്.ആർ., ഭാഗം 1 അനുബന്ധം XII Bയിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചും, 01/10/2020 മുതൽ 13/10/2020 വരെയുള്ള കാലയളവ് മുൻകാല സേവനം നഷ്ടമാകും വിധം നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
കുമാരി അനിറ്റ് സിറിയക്, എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ, ഈരാറ്റുപേട്ട നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, ഈരാറ്റുപേട്ട നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-03-2025 10:49:22
സെക്ഷൻ ഓഫീസർ